ഉത്തരം

(എ) ഒറ്റപ്പാലം-മായന്നൂർ കോസ് വേയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ പൂർത്തിയായ ശേഷം പണത്തിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്. വെള്ളിയാങ്കല്ല് കോസ്വേ തൽക്കാലം പരിഗണനയിലില്ല.

(ബി) മായന്നൂർ-ഒറ്റപ്പാലം കോസ്വേയ്ക്ക് വേണ്ടി 1982-83 സാമ്പത്തികവർഷം മുതലാണ് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചുതുടങ്ങിയത്.

(സി) 1985-86 സാമ്പത്തികവർഷത്തിൽ നാമമാത്രമായ 100 രൂപയാണ് ഇതിനുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കേന്ദ്രാനുമതിക്കു വേണ്ടി സംസ്ഥാനം കൈക്കൊണ്ട നടപടി

278. [450] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കേന്ദ്രാനുമതി കിട്ടാൻ സംസ്ഥാനം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;
(ബി) ഈ പദ്ധതിയുടെ നേട്ടങ്ങൾ എന്തെല്ലാം ;
(സി) ഇതിനു ചെലവ് വരുന്ന സംഖ്യ എത്രയായിരിക്കും ;
(ഡി) ഇതിനു പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം എത്ര ?

ഉത്തരം

(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് 1978-ൽ കേന്ദ്രാനുമതിക്കായി അയച്ചുകൊടുത്തു. 3-5-1983-ൽ കേന്ദ്രപരിസ്ഥിതി വകുപ്പു പരിസ്ഥിതിപരമായ കാരണങ്ങളാൽ ഈ പദ്ധതിക്ക് അനുമതി നിഷേധിച്ചു. തുടർന്നു പരിസ്ഥിതി വകുപ്പു ഉന്നയിച്ച തടസ്ഥവാദങ്ങൾ പരിശോധിച്ച് ഭാവിപരിപാടികൾ തീരുമാനിക്കുവാൻ ഒരു വിദഗ്ദ്ധസമിതിയെ നിയമിച്ചു. ഈ സമിതിയുടെ റിപ്പോർട്ട് 17-2-1986-ൽ ജലസേചനവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം പരിഗണിക്കുകയും 1978-ൽ കേന്ദ്രഗവൺമെന്റിനു സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പദ്ധതിക്കു അനുമതി നേടാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നു തീരുമാനിക്കുകയും ചെയ്തു. കൂടാതെ റിസർവോയർ ഏരിയ കുറച്ച് ഒരു ബദൽ പദ്ധതി കേന്ദ്രാനുമതിക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു. വൈദ്യുതിവകുപ്പും ജലസേചനവകുപ്പും ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

(ബി) ഇതു ഒരു വിവിധോദ്ദേശപദ്ധതിയാണ്. 210 മില്യൻ യൂണിറ്റ് വൈദ്യുതിഉൽപ്പാദിപ്പിക്കുവാനും 12376 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാനും ഈ പദ്ധതികൊണ്ട് സാധിക്കും.

(സി) വൈദ്യുതിഭാഗത്തിന് 60 കോടി രൂപയും ജലസേചനഭാഗത്തിനു 92 കോടി രൂപയും ആകെ 152 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

(ഡി) ഇപ്പോൾ പറയുക അസാദ്ധ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly